ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.01.2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. നിർമ്മിത ബുദ്ധി രംഗത്തെ ആഗോള കേന്ദ്രമാക്കി രാജ്യത്തെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇന്ത്യ എ ഐ മിഷനിലൂടെ നടപ്പാക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   **India is implementing initiatives through the India AI Mission to transform the country into a global hub for artificial intelligence, President Droupadi Murmu said.**

2. 85 ലക്ഷം കോടി രൂപയിലധികം മൂല്യമുള്ള പദ്ധതികൾ ത്വരിതപ്പെടുത്താൻ പ്രഗതിയിലൂടെ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. പ്രഗതിയുടെ 50-ാമത് അവലോകന യോഗത്തിൽ പ്രധാനമന്ത്രി പങ്കെടുത്തു.

   **Prime Minister Narendra Modi says, PRAGATI helped fast-track projects worth over 85 lakh crore. PM participated in the 50th review meeting of PRAGATI.**

3. ഇന്ന് ഡിആർഡിഒ ദിനം. ഡിആർഡിഒ രാജ്യത്തിന്റെ സായുധ സേനയുടെ ആത്മവിശ്വാസം

ശക്തിപ്പെടുത്തുന്നതായി രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്.

**Today is DRDO Day. Defence Minister Rajnath Singh said that DRDO is strengthening the confidence of the country's armed forces.**

4. പുകയില ഉൽപ്പന്നങ്ങൾക്ക് ചുമത്തിയ അധിക എക്സൈസ് തീരുവയും സെസും ഫെബ്രുവരി 1 മുതൽ പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര സർക്കാർ.

**Government notifies February 1st as date from which additional excise duty to be levied on tobacco products.**

5. ആരോഗ്യ മേഖലയിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കേരളത്തിന് സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യം ആനന്ദം - വൈബ് ഫോർ വെൽനസ്സ് ജനകീയ ക്യാമ്പയിന് സംസ്ഥാനത്ത് തുടക്കമായി.

**Kerala has been able to achieve major gains in the healthcare sector; says Chief Minister Pinarayi Vijayan. public campaign "Health Happiness – Vibe for Wellness launched in Kerala."**

6. ദേശീയ ജൂനിയർ ഖോ ഖോ ചാമ്പ്യൻഷിപ്പ് ബെംഗളൂരുവിൽ ആരംഭിച്ചു.

**The National Junior Kho Kho Championship has begins in Bengaluru.**

PREZ ( INTRO )

രാജ്യത്തെ നിർമ്മിത ബുദ്ധി രംഗത്തെ ആഗോള കേന്ദ്രമാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇന്ത്യ എ ഐ മിഷനിലൂടെ നടപ്പാക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. ന്യൂഡൽഹിയിലെ രാഷ്ട്രപതി ഭവൻ സാംസ്കാരിക കേന്ദ്രത്തിൽ സ്കിൽ ഇന്ത്യ മിഷന്റെ ***സ്കില്ലിംഗ് ഫോർ AI റെഡിനെസ്*** പരിപാടിയെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

( വോയിസ്........ )

വിദ്യാർത്ഥികൾക്കും പാർലമെന്റ് അംഗങ്ങൾക്കും ഉൾപ്പെടെ എ ഐ സർട്ടിഫിക്കറ്റുകൾ ശ്രീമതി മുർമു വിതരണം ചെയ്തു . ഭാവി എ ഐ സംരംഭങ്ങളിൽ യുവജനങ്ങളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുത് ലക്ഷ്യമിട്ടുള്ള ദേശീയ അവബോധ കാമ്പെയ്ൻ #Skill TheNation Challenge പരിപാടിയും രാഷ്ട്രപതി ഉദ്ഘാടനം ചെയ്തു .

PRAGATI – PM (INTRO)

85 ലക്ഷം കോടി രൂപയിലധികം മൂല്യമുള്ള പദ്ധതികൾ ത്വരിതപ്പെടുത്താൻ പ്രഗതിയിലൂടെ സാധിച്ചതായി പ്രധാനമന്ത്രി നരേന്ദ്രമോദി. ന്യൂഡൽഹിയിൽ പ്രഗതിയുടെ 50-ാമത് അവലോകന യോഗത്തിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം.

വിശദാംശങ്ങളിലേക്ക്........

(ഹോൾഡ് വോയ്സ്...........)

❁❁❁❁❁❁❁❁❁❁❁❁❁

**PRAGATI – PM (VOICE)**

റോഡ്, റെയിൽവേ, വൈദ്യുതി, ജലവിഭവങ്ങൾ, കൽക്കരി ഉൾപ്പെടെയുള്ള മേഖലകളിലായി അഞ്ച് നിർണായക അടിസ്ഥാന സൗകര്യ പദ്ധതികൾ, പ്രധാനമന്ത്രി നരേന്ദ്ര മോദി അവലോകനം ചെയ്തു. 40,000 കോടിയിലധികം രൂപ ചെലവു വരുന്ന ഈ പദ്ധതികൾ അഞ്ച് സംസ്ഥാനങ്ങളിലായാണ് നടപ്പാകുന്നത്. വിവര സാങ്കേതിക വിദ്യ സംയോജിപ്പിച്ച് മികച്ച ഭരണം കാഴ്ച്ചവയ്ക്കുന്നതിനുള്ള സംരംഭമാണ് പ്രഗതി. 2014 മുതൽ 377 പദ്ധതികളാണ് പ്രഗതിക്കു കീഴിൽ അവലോകം ചെയ്തത്. ഇന്ത്യ അതിവേഗം മുന്നേറുമ്പോൾ, പ്രഗതിയുടെ പ്രസക്തി കൂടുതൽ വർദ്ധിക്കുന്നതായി പ്രധാനമന്ത്രി പറഞ്ഞു. വിക്സിത രാഷ്ട്രം എന്ന ലക്ഷ്യം നേടിയെടുക്കുന്നതിനുള്ള മികച്ച ചുവടുവയ്പ്പാണ് പ്രഗതി എന്നും പ്രധാനമന്ത്രി

യോഗത്തിൽ വ്യക്തമാക്കി.

ന്യൂസ് ഡെസ്ക് ആകാശവാണി............

❁❁❁❁❁❁❁❁❁❁❁❁❁

**RAJNATH-DRDO DAY**

ഡിആർഡിഒ ദിനത്തിൽ ആശംസകൾ നേർന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ്. ഇന്ത്യയുടെ പ്രതിരോധമേഖലയെ ശക്തിപ്പെടുത്തുന്നതിനും ആത്മനിർഭർ ഭാരത് എന്ന ലക്ഷ്യത്തിലേക്ക് മുന്നേറുന്നതിനും പ്രതിരോധ ഗവേഷണ രംഗത്തെ ശാസ്ത്രജ്ഞരും , ഉദ്യോഗസ്ഥരും പുലർത്തുന്ന അചഞ്ചലമായ പ്രതിബദ്ധത, മികവ്, ദേശീയബോധം എന്നിവയെ രാജ്യരക്ഷാ മന്ത്രി അഭിനന്ദിച്ചു. ഡിആർഡിഒ സായുധ സേനയുടെ ആത്മവിശ്വാസം ശക്തിപ്പെടുത്തുന്നതായും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

**GOVT - TOBACCO**

പുകയില ഉൽപ്പന്നങ്ങൾക്ക് ചുമത്തിയ അധിക എക്സൈസ് തീരുവയും പാൻ മസാലയ്ക്കുള്ള പുതിയ സെസും ഫെബ്രുവരി 1 മുതൽ പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര സർക്കാർ. പാൻ മസാല, സിഗരറ്റ്, പുകയില തുടങ്ങിയവയ്ക്ക് 40 ശതമാനം ജിഎസ്ടിയും ബിരിസിന് 18 ശതമാനം ജിഎസ്ടിയും ഈടാക്കും. പാൻ മസാല നിർമ്മാണത്തിലെ പുതിയ ആരോഗ്യ, ദേശീയ സുരക്ഷാ സെസും പുകയിലയുടെ

എക്സൈസ് തീരുവയും സംബന്ധിച്ച രണ്ട് ബില്ലുകൾ ഇക്കഴിഞ്ഞ ഡിസംബറിൽ പാർലമെന്റ് പാസാക്കിയിരുന്നു.

## RBI–FINANCIAL STABILITY REPORT

ആഗോള പ്രതിസന്ധികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ ശക്തമായ വളർച്ച തുടരുന്നതായി റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ സാമ്പത്തിക സ്ഥിരത റിപ്പോർട്ട്. ലോകത്തിന്റെ പല ഭാഗത്ത് നിലനിൽക്കുന്ന അനിശ്ചിതത്വങ്ങൾ ഹ്രസ്വകാല വെല്ലുവിളികൾ ഉയർത്തിയേക്കാമെന്ന മുന്നറിയിപ്പും റിപ്പോർട്ട് നൽകുന്നു. രാജ്യത്തെ വാണിജ്യ ബാങ്കുകൾ, ബാങ്കിംഗ് ഇതര ധനകാര്യ കമ്പനികൾ, ഇൻഷുറൻസ് മേഖല എന്നിവ സുസ്ഥിരമായ മുന്നേറ്റം തുടരുന്നതായി ആർബിഐ പറയുന്നു.

## JAISHANKAR – BANGLADESH

ബംഗ്ലാദേശ് മുൻ പ്രധാനമന്ത്രി ഖാലിദ സിയയുടെ സംസ്കാര ചടങ്ങിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്ത വിദേശകാര്യ മന്ത്രി എസ് ജയ്ശങ്കർ പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ അനുശോചന കത്ത് ബംഗ്ലാദേശ് നാഷണലിസ്റ്റ് പാർട്ടി നേതാവ് താരിഖ് റഹ്മാന് കൈമാറി. ഖാലിദ സിയയുടെ ദർശനവും മൂല്യങ്ങളും ഇരു രാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്താൻ തുടർന്നും

പ്രചോദനമാകുമെന്ന് ശ്രീ ജയ്ശങ്കർ പറഞ്ഞു. ചൊവ്വാഴ്ചയാണ് ഖാലിദ സിയ അന്തരിച്ചത്.

❁❁❁❁❁❁❁❁❁❁❁❁❁

## NEW YEAR CELEBRATIONS

പുതുവത്സര ദിനത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ, പ്രധാനമന്ത്രി നരേന്ദ്ര മോദി ഉൾപ്പെടെയുള്ളവർ രാജ്യത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. രാജ്യത്തിന്റെ വികസനം, ഐക്യം, പരിസ്ഥിതി സംരക്ഷണം എന്നിവയോടുള്ള പ്രതിബദ്ധത ഊട്ടിയുറപ്പിക്കാൻ പുതുവൽസരം സഹായിക്കട്ടെയെന്ന് രാഷ്ട്രപതി പറഞ്ഞു. പുതുവർഷം എല്ലാവർക്കും സമാധാനം, ആരോഗ്യവും, സന്തോഷവും പ്രദാനം ചെയ്യുമെന്ന് ഉപരാഷ്ട്രപതി പ്രത്യാശ പ്രകടിപ്പിച്ചു. പരിശ്രമങ്ങളിൽ വിജയവും പൂർത്തീകരണവും ഉണ്ടാകുന്നതാകട്ടെ പുതുവർഷമെന്ന് പ്രധാനമന്ത്രി ആശംസിച്ചു. വികസനത്തിന്റെ ഗുണഫലങ്ങൾ എല്ലാ വിഭാഗം ജനങ്ങളിലേക്കും തുല്യമായി എത്തുന്നു എന്ന് സർക്കാർ ഉറപ്പുവരുത്തുമെന്ന് പുതുവൽസര സന്ദേശത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## PM –CABINET

കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിയ ദേശീയ പാത വികസന പദ്ധതികൾ രാജ്യത്ത് തൊഴിലവസരങ്ങൾ

സൃഷ്ടിക്കുകയും ആദിവാസി മേഖലകളിൽ സമഗ്ര വികസനം ത്വരിതപ്പെടുത്തുകയും ചെയ്യുമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. യാത്രാ സമയം ഗണ്യമായി കുറയ്ക്കുകയും രാജ്യത്തിന്റെ പടിഞ്ഞാറൻ കിഴക്കൻ മേഖലകളുമായുള്ള ബന്ധവും ചരക്ക് കൈമാറ്റവേഗതയും ശക്തിപ്പെടുത്തുമെന്നും പ്രധാനമന്ത്രിസാമൂഹ്യമാധ്യമത്തിൽ പറഞ്ഞു. രണ്ട് പ്രധാന ഹൈവേ പദ്ധതികൾക്കാണ് ഇന്നലെ ചേർന്ന കേന്ദ്രമന്ത്രിസഭ അംഗീകാരം നൽകിയത്. നാസിക്, അഹല്യാനഗർ, സോലാപൂർ തുടങ്ങിയ പ്രധാന നഗരങ്ങളെ കുർണൂലുമായി ബന്ധിപ്പിക്കുന്നതാണ് നിർദിഷ്ട പദ്ധതിയെന്ന് മന്ത്രിസഭാ യോഗ തീരുമാനം വിശദീകരിച്ച കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

❋❋❋❋❋❋❋❋❋❋❋❋❋

## ANNOUNCEMENT

കേന്ദ്ര സർക്കാരിൻറെ വിവിധ പദ്ധതികളെകുറിച്ച് ആകാശവാണി പ്രാദേശിക വാർത്താ വിഭാഗം തയ്യാറാക്കുന്ന പ്രത്യേക ചർച്ചകൾ ഇന്ന് മുതൽ തിങ്കളാഴ്ച ഒഴികെയുള്ള ദിവസങ്ങളിൽ പ്രക്ഷേപണം ചെയ്യും. സർക്കാർ പദ്ധതികളെ കുറിച്ചുള്ള വിശദമായ വിവരങ്ങൾ ജനങ്ങളിലെത്തിക്കുകയാണ് ലക്ഷ്യം. ഇന്ന് ഉച്ചയ്ക്ക് 1.45 ന് ആത്മനിർഭർ ഭാരത് എന്ന വിഷയത്തിൽ പ്രശസ്ത സാമ്പത്തിക വിദഗ്ധ മേരി ജോർജുമായുള്ള സംഭാഷണം കേൾക്കാവുന്നതാണ്.

## YEAR ENDER

ലോകത്തിന് മാതൃകയായ നിരവധി നേട്ടങ്ങളാണ് 2025-ൽ രാജ്യം കൈവരിച്ചത്. ലോകബാങ്കിന്റെ റിപ്പോർട്ട് പ്രകാരം ലോകത്തിലെ ഏറ്റവും കുറഞ്ഞ വരുമാന അസമത്വമുള്ള രാജ്യങ്ങളിൽ ഒന്നായി മാറാൻ ഇന്ത്യക്ക് സാധിച്ചു. അന്താരാഷ്ട്ര തൊഴിൽ സംഘടനയുടെ കണക്കുകൾ പ്രകാരം കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇന്ത്യയിലെ സാമൂഹിക സുരക്ഷാ പദ്ധതികളുടെ വ്യാപ്തി 19 ശതമാനത്തിൽ നിന്ന് 64.3 ശതമാനമായി വർധിച്ചു. ആഗോളതലത്തിൽ നടക്കുന്ന തത്സമയ ഡിജിറ്റൽ ഇടപാടുകളിൽ 49 ശതമാനവും നടക്കുന്നത് ഇന്ത്യയുടെ UPI വഴിയാണെന്ന് ഐ.എം.എഫ് വ്യക്തമാക്കുന്നു. കഴിഞ്ഞ പതിറ്റാണ്ടിനുള്ളിൽ ഇന്ത്യയിലെ 17.1 കോടി ജനങ്ങൾ അതിദാരിദ്ര്യത്തിൽ നിന്ന് മുക്തരായ തായി ലോകബാങ്ക് കണക്കു കളും സൂചിപ്പിക്കുന്നു.

## WELLNESS KERALA

ആരോഗ്യ മേഖലയിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കാൻ കേരളത്തിന് സാധിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ആരോഗ്യം ആനന്ദം - വൈബ് ഫോർ വെൽനസ്സ് ജനകീയ ക്യാമ്പയിന് സംസ്ഥാനത്ത് തുടക്കമായി. ജനങ്ങളുടെ

ശാരീരികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്താൻ ലക്ഷ്യമിട്ടാണ് കാമ്പയിൻ. നല്ല ഭക്ഷണ ശീലം, വ്യായാമം, ഉറക്കം, വിശ്രമം, മാനസിക സുസ്ഥിതി എന്നിവയെക്കുറിച്ച് ഇതിലൂടെ സമൂഹത്തിൽ അവബോധം സൃഷ്ടിക്കും.

## NATIONAL SARAS MELA (INTRO)

തദ്ദേശസ്വയംഭരണ വകുപ്പിനു കീഴിലുള്ള കുടുംബശ്രീ മിഷൻ സംഘടിപ്പിക്കുന്ന പതിമൂന്നാമത് ദേശീയ സരസ് മേളയ്ക്ക് ഒരുങ്ങി പാലക്കാട്. നാളെ വൈകിട്ട് മുലയംപറമ്പ് മൈതാനത്ത് മുഖ്യമന്ത്രി പിണറായി വിജയൻ മേള ഉദ്ഘാടനം ചെയ്യും.

***വിശദാംശങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലിമുത്ത്....***
***( വോയിസ്....)***

## KHO KHO SPORTS

ദേശീയ ജൂനിയർ ഖോ ഖോ ചാമ്പ്യൻഷിപ്പിന് ബെംഗളൂരുവിൽ പുരോഗമിക്കുന്നു. രാജ്യത്തുടനീളമുള്ള ആയിരത്തോളം കായികതാരങ്ങൾ പങ്കെടുക്കുന്ന ടൂർണമെന്റ് ലീഗ്-കം-നോക്കൗട്ട് ഫോർമാറ്റിലാണ് നടക്കുന്നത്. ദേശീയ സീനിയർ ഖോ ഖോ ചാമ്പ്യൻഷിപ്പ് ഈ മാസം 11 മുതൽ 15 വരെ

തെലങ്കാനയിലും ദേശീയ സബ് ജൂനിയർ ചാമ്പ്യൻഷിപ്പ് 31 മുതൽ ഫെബ്രുവരി 4 വരെ ഹരിയാനയിലും അരങ്ങേറും.

## IMD

ഹിമാചൽ പ്രദേശിലെ ഒറ്റപ്പെട്ട ഇടങ്ങളിൽ ശൈത്യ തരംഗം തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഹരിയാന, ഡൽഹി, പഞ്ചാബ്, ബിഹാർ എന്നിവിടങ്ങളിലെ ഒറ്റപ്പെട്ട ഇടങ്ങളിലും തണുത്ത കാലാവസ്ഥ അനുഭവപ്പെട്ടേക്കും. അതേസമയം ഡൽഹിയിലും ദേശീയ തലസ്ഥാന മേഖലയിലും വായു ഗുണനിലവാര സൂചിക മോശം വിഭാഗത്തിൽ തുടരുന്നു. ഇന്ന് രാവിലെ ദേശീയ തലസ്ഥാനത്തിൽ വായു ഗുണനിലവാരം 372 രേഖപ്പെടുത്തി.

## AUS-BUSHFIRE

ഓസ്ട്രേലിയയിലെ പെർത്ത് വിമാനത്താവളത്തിന് സമീപം കാട്ടുതീയുണ്ടായ പശ്ചാത്തലത്തിൽ അടിയന്തര മുന്നറിയിപ്പ് നൽകി ഭരണകൂടം. കാട്ടുതീ പടരുന്ന പ്രദേശങ്ങളിലുള്ളവർ എത്രയുംവേഗം സുരക്ഷാ നടപടി സ്വീകരിക്കണമെന്ന് അഗ്നിശമന വകുപ്പ് അറിയിച്ചു. വിമാനത്താവളത്തിൽ നിന്ന് 5 കിലോമീറ്റർ അകലെയുള്ള കലാമുണ്ട മേഖലയിലെ ജനങ്ങളെ ഒഴിപ്പിക്കാനും നിർദേശം നൽകി.